മാർച്ച് 2018

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

123-ാമത് മാരാമൺ കൺവൻഷൻ ഫെബ്രുവരി 11 മുതൽ 18 വരെയുള്ള നാളുകളിൽ അനുഗൃഹീതമായ രീതിയിൽ നടത്തപ്പെട്ടു. കാലാവസ്ഥ അനുകൂലമായിരുന്നു. കൺവൻഷൻ ആരംഭിക്കുന്നതിന് രണ്ടു ദിവസം മുൻപ് വരെ ലഭിച്ച മഴ കാലാവസ്ഥയെ കൂടുതൽ ഹൃദ്യമാക്കി. കടുത്ത ചൂടിന് അല്പം ശമനം ഉണ്ടായി. ഈ വർഷത്തെ കൺവൻഷൻ മുഖ്യമായും മാനവികതയുടെ മൂല്യങ്ങൾ നഷ്ടപ്പെട്ട മനുഷ്യത്വത്തിന്റെ നിഷ്ഠൂരമായ അവസ്ഥയിൽ നിന്നും മാനവികതയുടെ ഹൃദയസംഗീതം വീണ്ടെടുക്കുവാൻ അനിവാര്യമായ രൂപാന്തരത്തെക്കുറിച്ചായിരുന്നു. ആ രൂപാന്തരം നമുക്ക് സാധ്യമാകുന്നത് പ്രവാചകനായ സെഖര്യാവ് പറഞ്ഞതുപോലെ "സൈന്യത്താലുമല്ല ശക്തിയാലുമല്ല എന്റെ ആത്മാവിനാൽ അത്രേ" എന്ന ദൈവീകമായ അനുഭവം നമ്മിൽ ഉളവാകുമ്പോഴാണ്. ആ രൂപാന്തരത്തിന്റെ പ്രതിഛായയിൽ കൃപയുടെ ആർപ്പോടുകൂടി വിശ്വാസ സമൂഹം അവരുടെ ജീവിത നിർമ്മിതിയിൽ ആണിക്കല്ല് കയറ്റും. 21-ാം നൂറ്റാണ്ടിന്റെ പ്രാർത്ഥനയായ "കൃപാലുവായ ദൈവമേ, നിന്റെ കൃപയാൽ ഭൂലോകത്തെ രൂപാന്തരപ്പെടുത്തേണമെ" എന്ന പ്രാർത്ഥന ജീവിതത്തിൽ അനുഭവമായി ത്തീരണമെങ്കിൽ "ജീവന്റെ ദൈവമേ, നീതി പ്രവർത്തിപ്പാൻ ഉള്ള വ്യഗ്രതയും കൃപയും ഉൾക്കാഴ്ചയും ഞങ്ങൾക്ക് നൽകേണമെ" എന്ന പ്രാർത്ഥന ജീവിതത്തിൽ സാർത്ഥകമായിത്തീരണം. സമീപകാലത്ത് നടന്ന മധു എന്ന ആദിവാസി യുവാവിന്റെ കൊലപാതകം കേരളത്തെ മാത്രമല്ല രാഷ്ട്രത്തെയും ലോകത്തെയും ഞെട്ടിച്ച ഒരു സംഭവമായിരുന്നു. ഹാബേലിന്റെ രക്തം ഭൂമിയിൽ വീണപ്പോൾ ദൈവം കായീനോട് ചോദിച്ച ചോദ്യം ഇന്ന് കേരളസമൂഹത്തോടു തന്നെ ചോദിക്കുന്ന ചോദ്യമാണ് - "നീ എന്തു ചെയ്തു? നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം ഭൂമിയിൽ നിന്ന് എന്നോടു നിലവിളിക്കുന്നു". കേരളമക്കളിൽ ഒരാളായ മധുവിന്റെ രക്തത്തിന്റെ ശബ്ദവും ഭൂമിയിൽ നിന്ന് നിലവിളിക്കുമ്പോൾ യഥാർത്ഥത്തിൽ സമൂഹം മധുവിനോട് ചെയ്തത് എന്ത് എന്ന് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു ആദിവാസി യുവാവായ മധുവിന്റെ അവകാശഭൂമിയിലേക്ക് അധിനിവേശം നടത്തി പലരും അവന്റെ വീടും കാടും വനവിഭവങ്ങളും സ്വന്തമാക്കി സമ്പന്നരായില്ലേ? മധുവിനെ നമ്മൾ പാറയിടുക്കിലേക്ക് തള്ളിവിട്ടില്ലേ? മധുവിന് ജീവിക്കാനുള്ള അവകാശം പലരുകൂടി കവർന്നെടുത്തില്ലേ? വിശപ്പടക്കാൻ അല്പം അരി എടുത്തവനാണോ മോഷ്ടാവ്? അതോ കാടും കാടിന്റെ വിഭവങ്ങളും കട്ടുതിന്ന് കോടീശ്വരന്മാരായിത്തീർന്നവരാണോ യഥാർത്ഥ മോഷ്ടാക്കാൾ? എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. നിസ്സഹായതയിലും നിഷ്കളങ്കതയിലും കനിവിന്റെ ഒരുതുള്ളി വെള്ളംപോലും ലഭിക്കാതെ ഈ ജന്മം അവസാനിപ്പിക്കേണ്ടി വന്ന ആ ആദിവാസി യുവാവിന്റെ മരണം എത്ര ദയനീയമായിരുന്നു! വിശപ്പടക്കുവാൻ അല്പം വറ്റിനുവേണ്ടി നിസ്സഹായതയുടെ തളർച്ചയിൽ അല്പം ഭക്ഷണത്തിനുവേണ്ടി കൈനീട്ടിയ ആ മനുഷ്യന്റെ രക്തത്തിന്റെ ചോരപ്പാടുകൾ കേരളത്തിന്റെ ഹൃദയത്തിലേല്പിച്ച മുറിപ്പാടുകളിൽ നിന്ന് ചോര വാർന്നുകൊണ്ടുതന്നെയിരിക്കും. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ എവിടെയെങ്കിലും ഒരു ആദിവാസി വിഭാഗത്തിലോ ദളിത് വിഭാഗത്തിലോ ഉൾപ്പെട്ട യുവാവോ യുവതിയോ മർദ്ദനമേറ്റാൽ നാടുനീളെ നടന്ന് പ്രഭാഷണങ്ങളും പ്രതിഷേധപരിപാടികളും നടത്തുന്ന നമ്മുടെ നാട്ടുനേതാക്കന്മാർക്ക് ഇക്കാര്യത്തിൽ എന്താണ് പറയാനുള്ളത്? ഈ അവസ്ഥയ്ക്ക് മാറ്റം വരണമെങ്കിൽ മനസ്സ് വിശാലമാകണം. ഹൃദയം രൂപാന്തരപ്പെടണം. ആത്മാവിൽ ദൈവസ്നേഹത്തിന്റെ അഗ്നി ജ്വലിക്കണം. "യഹോവ സകല സൃഷ്ടിക്കും നല്ലവനാകുന്നു; അവന് സകല സൃഷ്ടിയോടും ദയ തോന്നുന്നു" എന്ന് ദാവീദ് പാടിയത് നമ്മുടെ ഹൃദയമന്ത്രമായിത്തീരണം. ആദിവാസികൾ അനുഭവിക്കേണ്ടിവന്ന ക്രൂരതയുടെ ചരിത്രം ലോകചരിത്രത്തിന്റെ തന്നെ താളുകളിൽ നിരപരാധികളുടെ ചോരക്കറകൊണ്ട് രേഖപ്പെടുത്തപ്പെട്ടതാണ്. അമേരിക്കയിൽ ആദിവാസികളായ റെഡ് ഇന്ത്യൻസിനോടും ആസ്ട്രേലിയായിലുണ്ടായിരുന്ന Aboriginals -നോടും ആഫ്രിക്കയിലുണ്ടായിരുന്ന നിരവധി ആദിവാസി വംശജരോടും ഓരോ കാലഘട്ടങ്ങളിൽ പലരും കാട്ടിക്കൂട്ടിയ ക്രൂരതകളെപ്പോലും ലജ്ജിപ്പിക്കുന്ന ഒരു ഹീനമായ സംഭവമാണ് മധുവിന്റെ കൊലപാതകം എന്ന തിരിച്ചറിവോടുകൂടി ഇനിയൊരിക്കലും ഇങ്ങനെയൊരു സംഭവം ആവർത്തിക്കാതിരിക്കാൻ ഒരു രൂപാന്തരത്തിന് ആദ്യാക്ഷരം കുറിക്കുന്ന അനുഭവമായി ഈ സംഭവം തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഈ സംവത്സരത്തിലെ മാരാമൺ കൺവൻഷനിൽ നാം കേട്ട ദൂതുകൾ ഈ രൂപാന്തരപ്രക്രിയയുടെ ഗതിവേഗം വർദ്ധിപ്പിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

കേരളരാഷ്ട്രീയത്തിന്റെ പോക്ക് എങ്ങോട്ട്? കൊലപാതക രാഷ്ട്രീയത്തിന്റെ അടിത്തറയിൽ രാഷ്ട്രീയ നേട്ടങ്ങൾ കൊയ്യാൻ ശ്രമിക്കുന്നവർ കേരളത്തിന്റെ സംസ്കാരത്തിന്റെ

തന്നെ അടിവേരറക്കുകയാണ് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. നിർദ്ദോഷികളായ യുവതീയുവാക്കളെ കുരുതി കഴിച്ച്, ഭീകരമായ അന്തരീക്ഷം സൃഷ്ടിച്ച്, തങ്ങൾക്കനുകൂലമായ സാഹചര്യം സൃഷ്ടിച്ച് അധികാരം നിലനിർത്തുവാനും അധികാരത്തിലേറുവാനും ഇന്ന് രാഷ്ട്രീയ പാർട്ടികൾ കാണിക്കുന്ന ധിക്കാരപരമായ സമീപനങ്ങൾ മൂല്യാധിഷ്ഠിത ജനാധിപത്യത്തിന്റെ ബാലപാഠങ്ങൾപോലും ഇവർ മനസ്സിലാക്കിയിട്ടില്ല എന്നതിന്റെ വ്യക്തമായ തെളിവുകളാണ്. "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രെ" എന്ന് സങ്കീർത്തനക്കാരന്റെ വാക്കുകൾ അനുദിനം അനുസ്മരിപ്പിക്കുന്ന സംഭവങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. മക്കൾ രാഷ്ട്രീയം സൃഷ്ടിക്കുന്ന പ്രശ്നങ്ങളും കണ്ടില്ലെന്ന് നടിക്കുവാൻ ആർക്കും കഴിയുകയില്ല. ജനങ്ങൾ നൽകിയ അധികാരം തിരിച്ചെടുക്കാനും ജനങ്ങൾക്ക് അധികാരമുണ്ട് എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകേണ്ടിയിരിക്കുന്നു. മീഖാപ്രവാചകന്റെ വാക്കുകൾ എല്ലാവർക്കുമുള്ള ഒരു പ്രബോധനമാണ്. "ഹേ മർത്യാ, നല്ലത് എന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയതൽപരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത്" (മീഖാ. 6:8). ദൈവത്തിന്റെ പ്രവാചകനിലൂടെ കേട്ട ഈ വാക്കുകൾ ജീവിതത്തിൽ പ്രായോഗികമാക്കിയാൽ പിന്നൊരിക്കലും കൊലപാതകരാഷ്ട്രീയം നമ്മുടെ നാട്ടിൽ ഉണ്ടാവുകയില്ല.

സഭകൾ വിശ്വാസത്തിനുവേണ്ടിയോ ധനത്തിനുവേണ്ടിയോ നിലകൊള്ളുന്നത്? നീതിബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹത്തിൽ നീതി തങ്ങളുടെ ഭാഗത്താണെന്ന് വ്യാഖ്യാനിച്ചുകൊണ്ട് മറ്റുള്ളവരുടെ സ്ഥലവും അധ്വാനവും കൈയ്യടക്കുന്നത് വിശ്വാസത്തിന്റെ തീർത്ഥയാത്രയ്ക്ക് അഭികാമ്യമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്ന് സഭകളിൽ കാണുന്ന, നീതിയുടെ പേരിൽ നടക്കുന്ന അതിക്രമങ്ങൾക്ക് വിരാമമിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ദൈവ സന്നിധിയിൽ വിവേകമുള്ളവരായും നീതിബോധമുള്ളവരായും ജീവിപ്പാൻ ആവശ്യമായ ദൈവകൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

ഈ സംവത്സരത്തിന്റെ മൂന്നാം മാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. വിദ്യാഭ്യാസ രംഗത്ത് ഒരു അധ്യയന വർഷത്തിന്റെ സമാപന നാളുകളിലേക്ക് നാം എത്തിയിരിക്കുന്നു. മാർത്തോമ്മാ സഭയുടെ കലാലയങ്ങളിലും സ്കൂളുകളിലും ദീർഘവർഷക്കാലം ശുശ്രൂഷകൾ നിർവ്വഹിച്ച പല പ്രിൻസിപ്പൽമാരും പ്രഥമാധ്യാപകരും അധ്യാപകരും അനധ്യാപകരും സേവനത്തിൽ നിന്ന് വിരമിക്കുന്ന ഒരു കാലഘട്ടം കൂടിയാണിത്. തങ്ങളെ ദൈവം ഏല്പിച്ച ശുശ്രൂഷകൾ സഭയോടും സ്ഥാപനത്തോടും പൊതുസമൂഹത്തോടുമുള്ള കടപ്പാടിൽ ധന്യമായ നിലയിൽ നിർവ്വഹിച്ച എല്ലാവരോടും സഭയ്ക്കുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. തുടർന്നും സഭയുടെയും പൊതുസമൂഹത്തിന്റെയും ശുശ്രൂഷാരംഗങ്ങളിൽ കൂടുതൽ സജീവമാകുവാൻദൈവം എല്ലാവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വിദ്യാർത്ഥികൾക്ക് ഇത് പരീക്ഷയുടെ നാളുകളാണല്ലോ. നന്നായി പരീക്ഷ എഴുതി ഉന്നതവിജയം കരസ്ഥമാക്കുവാനും ഉദാത്തമായ മൂല്യങ്ങളോടുകൂടി പ്രവർത്തിച്ച് സമൂഹത്തിൽ വെളിച്ചങ്ങളായി ശോഭിപ്പാനും ഇന്നത്തെ സംഘർഷാത്മകമായ ലോകത്തിൽ ശാന്തിദൂതരായി വർത്തിപ്പാനും ഇടയാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ഈ കഴിഞ്ഞ മാസത്തിൽ നമ്മുടെ രണ്ട് തിരുമേനിമാർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്നു. നമ്മുടെ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി എറണാകുളത്തെ ആശുപത്രിയിലെ ചികിത്സയ്ക്കു ശേഷം ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം റാന്നി അരമനയിൽ എത്തി വിശ്രമിക്കുന്നു. ഒന്നിടവിട്ട ദിവസങ്ങളിൽ ഡയാലിസിസ് നടത്തുവാൻ കുമ്പനാട് ഹോസ്പിറ്റലിന്റെ സൗകര്യം പ്രയോജനപ്പെടുന്നു. ദൈവത്തിന്റെ വലിയ കരുണയാൽ തിരുമേനി ഇപ്പോൾ സംസാരിക്കുകയും കൂടുതൽ മനോധൈര്യത്തോടുകൂടി കാണപ്പെടുകയും ചെയ്യുന്നു. രോഗാവസ്ഥയിൽ പോയി കാണുകപോലും ചെയ്യാതെ വ്യാജവാർത്തകൾ പ്രചരിപ്പിച്ചവർ തങ്ങൾ ചെയ്ത പ്രവൃത്തിയെക്കുറിച്ച് പശ്ചാത്തപിക്കുകയും ഒരു വിശ്വാസിക്ക് ചേർന്ന പ്രവൃത്തിയാണോ തങ്ങൾ ചെയ്തത് എന്ന് സ്വന്തം മനഃസാക്ഷിയുടെ മുമ്പാകെ വിലയിരുത്തുകയും ചെയ്യട്ടെ. ഇന്ന് തിരുമേനിക്ക് ആവശ്യമായ എല്ലാ ശുശ്രൂഷകളും സഭയിലൂടെയും സഭയുടെ സംവിധാനങ്ങളിലൂടെയും ലഭിക്കുവാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. കൂടുതൽ സൗഖ്യം പ്രാപിച്ച് ബലം പ്രാപിപ്പാൻ സൗഖ്യദായകനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനിക്ക് അടുത്ത സമയത്ത് ഒരു ബോധക്ഷയം ഉളവായി. ആ അവസ്ഥ താല്ക്കാലികം മാത്രമായിരുന്നു. ഇപ്പോൾ പൂർണ്ണ സൗഖ്യത്തിലേക്ക് വരുവാനുള്ള വിദഗ്ദ ചികിത്സ ലഭിച്ചുകൊണ്ടിരിക്കുന്നു. പൂർണ്ണ സൗഖ്യം പ്രാപിച്ച് കൂടുതൽ ഊർജ്ജസ്വലതയോടെ ശുശ്രൂഷകളിൽ ഏർപ്പെടുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കുവൈറ്റ് മാർത്തോമ്മാ സിറ്റി പാരീഷിന് ലഭ്യമായിരുന്ന ആരാധനാ സൗകര്യം ആകസ്മികമായി നഷ്ടപ്പെടുകയുണ്ടായി. എന്നാൽ നമ്മുടെ വിശ്വാസ സമൂഹം ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിച്ചു. ദൈവകൃപയാൽ 800 പേർക്ക് കസേരയിട്ട് ഇരിക്കാവുന്ന സ്ഥലസൗകര്യം ഇപ്പോൾ ലഭ്യമായിരിക്കുന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. സ്ഥലസൗകര്യത്തിന് ചില പരിമിതികൾ ഉണ്ടെങ്കിലും ആ പരിമിതികൾ പരിഹരിക്കുവാൻ തക്കവണ്ണമുള്ള ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുമുണ്ട്. ആ പുതിയ ആരാധനാഹാളിന്റെ കൂദാശ നിർവ്വഹിക്കുന്നതിന് മൂന്നു ദിവസത്തേക്ക് നാം കുവൈറ്റിലേക്ക് പോകുകയുണ്ടായി. അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ ഉളവായ പ്രതിസന്ധിയെ തരണം ചെയ്യുവാൻ ദൈവം നൽകിയ കൃപയെ ഓർത്ത് ദൈവത്തെ സ്തുതിക്കുവാൻ ലഭിച്ച വലിയ ഒരു അനുഭവമായിരുന്നു ആ കൂദാശ. അതുകൊണ്ടുതന്നെ ആ കൂദാശ ഏറ്റവും ഹൃദ്യവും ഭക്തിനിർഭരവുമായിരുന്നു. കുവൈറ്റിലുള്ള എല്ലാ ഇടവകകളും പരിമിതികളുടെ മധ്യത്തിലാണ് പ്രവർത്തിക്കുന്നത്. അസാധ്യകാര്യങ്ങളെ സാധ്യമാക്കുന്ന ദൈവകൃപയുടെ സമൃദ്ധിയായ പകരപ്പെടലിനായി പ്രാർത്ഥിക്കാം.

ഫെബ്രുവരി മാസത്തിൽ നമ്മുടെ രണ്ടു പട്ടക്കാർ കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. കവിയൂർ അങ്ങയിൽതാഴെ ദിവ്യശ്രീ എ.എം. ഏബ്രഹാം കശ്ശീശ്ശാ (96) യും പത്തനാപുരം മാമൂട്ടിൽ പ്രയർഹൗസിൽ ദിവ്യശ്രീ എം.സി വർഗ്ഗീസ് കശ്ശീശ്ശാ (89) യും സഭയുടെ വിവിധ ശുശ്രൂഷകളിൽ നിർവ്വഹിച്ച ധന്യമായ ശുശ്രൂഷകൾക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം. ദിവ്യശ്രീ എ.എം. ഏബ്രഹാം കശ്ശീശ്ശാ സത്നാ ആശ്രമസ്ഥാപകരിൽ ഒരാളായിരുന്നു. നാലുപേർ തങ്ങളുടെ വൈദീകവിദ്യാഭ്യാസം പൂർത്തീകരിച്ച് ക്രിസ്തുബന്ധുകുല എന്ന പുതിയ പ്രസ്ഥാനത്തിന് രൂപം നൽകി സത്നായിലേക്ക് പോയവരിൽ ഒരാൾ എ.എം. ഏബ്രഹാം അച്ചനായിരുന്നു. സത്നായ്ക്ക് സമീപമുള്ള

റീവാ എന്ന നാട്ടുരാജ്യത്ത് സുവിശേഷവേല നിർവ്വഹിക്കുവാൻ അനുവാദമില്ലാതിരുന്നതുകൊണ്ട് സത്നായിൽ താമസിച്ചാണ് ഈ പ്രിയപ്പെട്ടവർ സുവിശേഷം പ്രചരിപ്പിച്ചത്. ഇന്ന് റീവാ യൂണിവേഴ്സിറ്റിയുടെ കീഴിലത്രെ അവിടെയുള്ള നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്. ആ സ്ഥാപക നേതാക്കളിൽ ഒടുവിലത്തെ കണ്ണിയത്രെ എ.എം. ഏബ്രഹാം അച്ചൻ. എ.എം. ഏബ്രഹാം അച്ചനും സ്ഥാപകഅംഗങ്ങളിൽ മറ്റൊരാളായിരുന്ന റവ.എ.റ്റി. ചാക്കോ അച്ചനും ജീവിതത്തിന്റെ സായാഹ്നത്തിൽ കുമ്പനാട് ആശുപത്രിയിലെ പരിചരണത്തിലായിരുന്നു എന്നതും സ്മരണീയമത്രേ. ദിവ്യശ്രീ എം.സി. വർഗ്ഗീസ് കശ്ശീശ മധ്യപ്രദേശിൽ ദീർഘസംവത്സരങ്ങൾ പ്രവർത്തിച്ചതിനുശേഷം ഏകദേശം 2 ദശകങ്ങളോളം ഒരു മിഷനറി പട്ടക്കാരനായി ശുശ്രൂഷ അനുഷ്ഠിക്കുകയുണ്ടായി. ഈ രണ്ട് പട്ടക്കാരുടെയും ദേഹവിയോഗത്തിൽ കുടുംബങ്ങളോടുള്ള അനുശോചനം അറിയിക്കുന്നു. കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

കോഴഞ്ചേരി മാർത്തോമ്മാ ഇടവകയുടെ ആഭിമുഖ്യത്തിലുള്ള മുളമൂട്ടിൽ പ്രാർത്ഥനായോഗം (കോഴഞ്ചേരി കോളേജിന് സമീപം) നിർമ്മിച്ച ചാപ്പലിന്റെ കൂദാശ ഫെബ്രുവരി മാസം നിർവ്വഹിക്കപ്പെടുകയുണ്ടായി.

നോമ്പിന്റെ ആദ്യപകുതിയിൽ മാർച്ച് 4-ാം തീയതി ഞായറാഴ്ച "സൗഖ്യത്തിലേക്ക് നയിക്കുന്ന നിരന്തരമായ പ്രാർത്ഥന" (വി.മർക്കൊ. 7:24-30) എന്ന ചിന്താവിഷയമാണ് നാം ധ്യാനിക്കുന്നത്. ഒരു വിജാതിയ സ്ത്രീ തന്റെ മകളുടെ സൗഖ്യത്തിനുവേണ്ടി കർത്താവിന്റെ പിറകെ നടന്ന് നിലവിളിക്കുമ്പോൾ കർത്താവ് അത് ശ്രദ്ധിക്കാതെ പോകുന്നതായി ഭാവിക്കുന്നു. യഹൂദന്മാർ പ്രാർത്ഥിക്കുന്ന 'ദാവീദ്പുത്രാ' എന്ന അഭിസംബോധനയിൽ അവൾ പ്രാർത്ഥിച്ചപ്പോൾ യേശു അത് അവഗണിക്കുകയാണ് ചെയ്തത്. എന്നാൽ തന്റെ മകൾക്കുവേണ്ടി ഹൃദയത്തിന്റെ ഭാഷയിൽ അവൾ പ്രാർത്ഥിച്ചപ്പോൾ കർത്താവ് അവളുടെ പ്രാർത്ഥന ഉൾക്കൊണ്ട് അവളുടെ മകൾക്കു സൗഖ്യം നൽകുന്നു. ഏതെങ്കിലും പ്രാർത്ഥന കാണാതെ പഠിച്ച് ഉരുവിടുമ്പോഴല്ല, മറിച്ച് ഹൃദയത്തിന്റെ ഭാഷയിൽ പ്രാർത്ഥന പകരപ്പെടുമ്പോഴാണ് കർത്താവിന്റെ പ്രസാദവും സൗഖ്യവും നമുക്കുണ്ടാകുന്നത് എന്ന വലിയ പാഠമാണ് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നത്. കുരിശിന്റെ അനിവാര്യതയെക്കുറിച്ച് ധ്യാനിച്ചുകൊണ്ടാണ് പകുതിനോമ്പ് ആരംഭിക്കുന്നത്. മാർച്ച് 11-ാം തീയതി ഞായറാഴ്ച ബന്ധനങ്ങളിൽ നിന്ന് വിടുവിക്കുന്ന സത്യാരാധന എന്ന ധ്യാനം കൂനിയായ സ്ത്രീയെ യേശു സൗഖ്യമാക്കുന്ന സംഭവവുമായി (ലൂക്കോ. 13:10-17) ബന്ധപ്പെട്ട് നാം ചിന്തിക്കുന്നു. ദർശനവ്യാപ്തി ഇല്ലാതിരുന്ന ആ സ്ത്രീയുടെ അവസ്ഥയിൽ നിന്നും കർത്താവ് അവളെ വിടുവിക്കുന്നത് ആരുടെയെങ്കിലും അപേക്ഷ സ്വീകരിച്ചിട്ടല്ല, ആ സ്ത്രീയുടെ പോലും അപേക്ഷ സ്വീകരിച്ചിട്ടല്ല, "നിനക്ക് സൗഖ്യമാകാൻ മനസ്സുണ്ടോ?" എന്ന ഒരു ചോദ്യം പോലും ചോദിച്ചിട്ടല്ല എന്ന് നാം ശ്രദ്ധിക്കേണ്ടതാണ്.

മാർച്ച് 18-ാം തീയതി യെരുശലേമിലേക്കുള്ള യാത്രാമധ്യേ യേശു കുരുടന് കാഴ്ച നൽകുന്ന സംഭവമാണ് സഭയായി ചിന്തിക്കുന്നത്. തിമായിയുടെ മകനായ ബർത്തിമായി കാഴ്ച കിട്ടേണ്ടതിനായി നിലവിളിക്കുമ്പോൾ മറ്റുള്ളവർക്ക് അത് അസഹനീയമായിട്ടാണ് തോന്നിയതെങ്കിലും ഒരു യഹൂദൻ പ്രാർത്ഥിക്കുമ്പോൾ ദാവീദ് പുത്രാ എന്ന് അഭിസംബോധന ചെയ്യുന്നതുപോലെ അവന്റെ ഹൃദയത്തിന്റെ ഭാഷയിൽ അവൻ നിലവിളിച്ചപ്പോൾ യേശു അവനെ അരികെ വിളിക്കുകയും അവന് കാഴ്ച കൊടുക്കുകയും ചെയ്തു. മറ്റുള്ളവരുടെ അഭിപ്രായ പ്രകടനങ്ങളല്ല യേശു ശ്രദ്ധിച്ചത്, അവന്റെ നിലവിളിയാണ് യേശു ശ്രദ്ധിച്ചത് എന്നോർക്കുക. മാർച്ച് 23-ാം തീയതി നാല്പതാം വെള്ളിയാഴ്ച പരീക്ഷകളെ അതിജീവിച്ച കർത്താവ് എന്ന ചിന്താവിഷയമാണ് ധ്യാനിക്കുന്നത്. ഉദരപൂരണത്തിനുവേണ്ടിയല്ല മനുഷ്യൻ ജീവിക്കേണ്ടത് എന്ന വലിയ ദർശനം ദൈവവചനത്തിലൂടെ മറുപടിയായി നൽകിക്കൊണ്ടാണ് ഒന്നാമത്തെ പരീക്ഷ യേശു നേരിട്ടതെങ്കിൽ രണ്ടാമത്തെ പരീക്ഷ സാത്താൻ അവതരിപ്പിച്ചത് ദൈവവചനത്തെ തന്നെ കൂട്ടുപിടിച്ചു കൊണ്ടായിരുന്നു. ദൈവാലയത്തിന്റെ മുകളിൽനിന്നും ചാടി അസ്വാഭാവികമായ ഒരു അതിശയപ്രകടനം കാഴ്ച വെയ്ക്കാൻ സാത്താൻ ആവശ്യപ്പെടുമ്പോൾ "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" എന്ന ദൈവവചനാടിസ്ഥാനത്തിൽ മറുപടി നൽകിയാണ് കർത്താവ് അതിനെ നേരിട്ടത്. കുരിശിന്റെ മാർഗ്ഗത്തിൽ നിന്ന് മാറി ലോകത്തിന്റെ മാർഗ്ഗം സ്വീകരിക്കാനുള്ള പ്രലോഭനമായിരുന്നു സാത്താനെ വണങ്ങാനുള്ള പരീക്ഷ. എന്നാൽ നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ എന്ന ദൈവവചനം ഉദ്ധരിച്ചുകൊണ്ട് കർത്താവ് ആ പരീക്ഷയെയും വിജയകരമായി അഭിമുഖീകരിച്ചത് നമുക്കുള്ള വലിയ മാതൃകയാണ്. തുടർന്ന് കഷ്ടാനുഭവ ആഴ്ചയിലെ ധ്യാനങ്ങളിലേക്കാണ് നാം പ്രവേശിക്കുന്നത്. കർത്താവ് തന്റെ മരണത്തെ തന്റെ വരവോളം അനുസ്മരിക്കുവാനായി വിശുദ്ധ കുർബ്ബാന ഏർപ്പെടുത്തുമ്പോൾ നാല് അടയാളങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഒന്ന്, ദൈവകരങ്ങളിൽ കർത്താവ് അപ്പമെടുക്കുന്നു. രണ്ട്, ദൈവകരങ്ങളിൽ വാഴ്ത്തപ്പെടുന്നു. മൂന്ന്, ലോകത്താൽ നുറുക്കപ്പെടുന്നു. നാല്, ലോകം നുറുക്കിയതിനെ ദൈവം ശേഖരിച്ച് അജയ്യ ശക്തിയായി പകർന്നു നൽകുന്നു. ഓരോ വിശുദ്ധ കുർബ്ബാനയിലൂടെയും നാം ഈ അനുഭവത്തിലേക്കാണ് ഉയർത്തപ്പെടുന്നത്. "ക്രിസ്തു തന്റെ ഐഹിക ജീവകാലത്തു തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോടു ഉറച്ച നിലവിളിയോടും കണ്ണുനീരോടുകൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു" (എബ്രാ. 5:7-8). ഈ ക്രിസ്തുവിനോട് ചേർന്നും ക്രിസ്തുവിൽ വസിച്ചും ഉയിർപ്പിന്റെ ചൈതന്യത്തിൽ ജീവിപ്പാൻ ദൈവം എല്ലാവരേയും സഹായിക്കട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ, **ഡോ. ജോസഫ് മാർത്തോമ്മാ**
25-01-2018 **മെത്രാപ്പോലീത്താ**